KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

01/10/2009

# രക്തദാന ദിനാചരണം: നൂറു കണക്കിനാളുകൾ രക്തം ദാനം ചെയ്തു

തിരുവനന്തപുരം: ദേശീയ രക്തദാനദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനവ്യാപകമായി സംഘടിപ്പിച്ച രക്തദാനക്യാമ്പുകളിലൂടെ ആയിരത്തി നാനൂറോളം പേർ രക്തം ദാനം ചെയ്തു.

സംസ്ഥാനതല പരിപാടി നിശ്ചയിച്ചിരുന്ന തൃശൂരിൽ നടത്തിയ മെഗാരക്തദാന ക്യാമ്പിൽ 388 പേർ രക്തം ദാനം ചെയ്തു. റാലിയും പൊതുസമ്മേളനവും ഉൾപ്പെടെ തൃശൂരിൽ ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടികൾ വിപുലമായി നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും തേക്കടി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ റദ്ദാക്കുകയായിരുന്നു.

കോഴിക്കോട് ജില്ലയിലെ രക്തദാനക്യാമ്പ് ജില്ലാ കളക്ടർ ഡോ. പി.ബി. സലിം രക്തം ദാനം ചെയ്തുകൊണ്ടാണ് ഉദ്ഘാടനം ചെയ്തത്. ഇവിടെ 152 പേർ രക്തം ദാനം ചെയ്തു. തിരുവനന്തപുരത്ത് തെർമോപെൻപോളുമായി ചേർന്നു നടത്തിയ ക്യാമ്പിൽ 120 പേർ രക്തദാനം നടത്തി. കോട്ടയത്ത് ബി.സി.എം കോളജിൽ നടത്തിയ രക്തദാനക്യാമ്പിൽ രക്തം ദാനം ചെയ്യാനെത്തിയവർ മുഴുവൻ സ്ത്രീകളായിരുന്നു. ഇവിടെ 141 പേരാണ് രക്തദാനം നടത്തിയത്. മലപ്പുറത്ത് 140 പേരും ആലപ്പുഴയിൽ 91 പേരും എറണാകുളത്ത് 32 പേരും രക്തം ദാനം ചെയ്തു. പാലക്കാട്ട് 50, കൊല്ലം 40, വയനാട് 22, കാസർഗോഡ് 65, കണ്ണൂർ 75 എന്നിങ്ങനെയാണ് മറ്റു ജില്ലകളിലെ കണക്ക്.

എല്ലാ ജില്ലകളിലും വിദ്യാർഥികൾ രക്തദാനത്തിനെത്തിയിരുന്നു. സന്നദ്ധസംഘടനകൾ, യുവജനസംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിവയുടെ പ്രതിനിധികളും രക്തം ദാനം ചെയ്തു.

സംസ്ഥാനവ്യാപകമായി ഒരു മാസം നീളുന്ന പരിപാടികളാണ് രക്തദാനദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്നത്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടം, ജില്ലാ മെഡിക്കൽ ഓഫീസുകൾ, രക്തബാങ്കുകൾ, ജില്ലാതല സന്നദ്ധ രക്തദാന സമിതികൾ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെ വിവിധ ജില്ലകളിലായി നൂറു രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)